# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1275 06.02.2020-ൽ മറുപടി നൽകേണ്ടത്.

## സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഷാഫി പറമ്പിൽ** | | **പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് തീരുമാനിച്ചിരുന്നോ; | (എ) (ബി) & (സി) | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 09.02.2016 ലെ സ.ഉ.(എം.എസ്) നം.38/2016/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 01.01.16 മുതൽ 30.04.16 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുന:പരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുന:പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.11.17-ന് കൂടിയ യോഗ തീരുമാന പ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് സാമൂഹ്യനീതി വകുപ്പ് മുഖേന തയ്യാറാക്കുകയും പ്രസ്തുത പാക്കേജ് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.08.2018-ന് ചേർന്ന യോഗത്തിൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുഖേന തുടർനടപടി സ്വീകരിച്ച് വരുന്നു. സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിൽ |
| (ബി) | പ്രസ്തുത തീരുമാനം ഈ സർക്കാർ മരവിപ്പിക്കുകയും അത്തരം സ്കൂളുകൾക്കായി പ്രത്യേക പാക്കേജ് നടപ്പിലാക്കുകയും ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നോ; | | |
| (സി) | പ്രസ്തുത പാക്കേജിൽ പ്രഖ്യാപിച്ച പദ്ധതികൾ എന്തൊക്കെയാണെന്നും ഇവ നടപ്പിലാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | നിന്നും രജസ്ട്രേഷൻ ലഭിച്ച 329 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എല്ലാ വർഷവും സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ഓരോ സ്കൂളുകളിലേയും കുട്ടികളുടേയും അദ്ധ്യാപകരുടേയും എണ്ണത്തിന് ആനുപാതികയായിട്ടാണ് സ്കൂളുകൾക്ക് തുക അനുവദിച്ച് നൽകുന്നത്. 2018-19 വർഷം 14 കോടി സാമ്പത്തിക സഹായമായി നൽകിയിരുന്നു. 2019-20 വർഷം 14.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ 07.09.2019 ലെ സ.ഉ (സാധാ) 7242/2019/ധന നമ്പർ ഉത്തരവ് പ്രകാരം 25 കോടി രൂപയുടെ Additional Authorization അനുവദിച്ചിട്ടുണ്ട്. കൂടാതെ സ.ഉ (കൈ) 133/2019/പൊ.വി.വ തീയതി 30.08.2019 നമ്പർ ഉത്തരവ് പ്രകാരം മാനസിക/ഭൗതീക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്കൂളുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിരുന്നോ; ഈ ഉത്തരവ് നിർത്തിവയ്ക്കുവാൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ? | (ഡി) | സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്കൂളുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു.<br>ഈ ഉത്തരവ് നിർത്തിവയ്ക്കുവാൻ ഉത്തരവായിട്ടില്ല. |

സെക്ഷൻ ഓഫീസർ